# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

ജി (1) 6554/2020 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി :**06/11/2020**

വിഷയം :- സഹകരണ വകുപ്പ് -മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ ആർബിട്രേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ആർബിട്രേറ്റർമാരെ നിയമിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന :- 1. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ 24.02.2003 ലെ എസ്.ഒ.216 (ഇ) നമ്പർ നോട്ടിഫിക്കേഷൻ

2.സഹകരണ സംഘം രജിസ്ട്രാറുടെ 16.10.2020 ലെ ജി(1) 3836/2020 നമ്പർ ഉത്തരവ്

3. ശ്രീ മാത്യു ജോൺ ന്റെ 28.10.2020 ലെ അപേക്ഷ

5. ശ്രീ സക്കീർ ഹുസൈൻ ന്റെ 17.09.2020 ലെ അപേക്ഷ

2002 ലെ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങൾക്ക് ടി നിയമത്തിലെ വകുപ്പ് 84 പ്രകാരവും 1996 ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ എന്നിവയുമായി ബന്ധപ്പെട്ടതും ( എന്നാൽ 1947 ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വകുപ്പ് 2 (കെ) പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള രീതിയിലുള്ള വ്യവസായങ്ങൾക്കോ വേതനം പറ്റുന്ന ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി ഒഴികെയുള്ളവ ) ആയ തർക്കങ്ങൾ പരിഹരിക്കുന്നതിന്, 2002 ലെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിയമത്തിലെ വകുപ്പ് 4(2) ന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ആർബിട്രേറ്റർമാരെ നിയോഗിക്കു ന്നതിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുള്ളതും ടി അപേക്ഷകരെ ഉൾപ്പെടുത്തി പരമാർശം (2) പ്രകാരം സഹകരണ ആർബിട്രേറ്റർമാരുടെ പാനൽ തയ്യാറാക്കി സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള ആർബിട്രേറ്റർമാരുടെ പാനലിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ മാത്യു ജോൺ ന് വ്യക്തിപരമായ കാരണങ്ങളാൽ ടി പാനലിൽ തുരാൻ സാധിക്കില്ല എന്ന വിവരം പരാമർശം (3) പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിലും 26.06.2020 ൽ സഹകരണ സംഘം രജിസ്ട്രാർ രൂപീകരിച്ച പാനലിലെ അംഗമായ ശ്രീ സക്കീർ ഹുസൈന് 30.05.2021 വരെ ആർബിട്രേഷൻ പാനലിൽ തുടരാനുള്ള അർഹതയുണ്ടെന്നും ആയതിനാൽ ടിയാന്റെ ആർബിട്രേറ്ററായി തുടരാനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നുമുള്ള പരാമർശം (4) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലും പരാമർശം (2) ഉത്തരവ് പ്രകാരമുള്ള

ആർബിട്രേറ്റർമാരുടെ പാനൽ ലിസ്റ്റ് ചുവടെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | മേൽ വിലാസം | നിയമന കാലാവധി |
|---|---|---|---|
| 1 | ശ്രീ സക്കീർ ഹുസൈൻ എസ്സ് | ഡെപ്യൂട്ടി രജിസ്ട്രാർ (Rt.) ഷിദ്സ്ഫ്, വാളക്കോട് പി.ഒ പുനലൂർ- 691 331 Ph 8848193465 | 16.10.2020 തീയതി മുതൽ 3 മാസക്കാലാവധി |
| 2 | ശ്രീ പി.ജി നാരായണൻ | ജോയിന്റ് ഡയറക്ടർ (Rt.) അതസി, പെരുവാരം(E) നോർത്ത് പറവൂർ, 683513 Ph 9446216868 | '' |
| 3 | ശ്രീ കെ.ആർ രാജേഷ് കുമാർ | ജോയിന്റ് രജിസ്ട്രാർ (Rt.) കരീക്കാട്ടിൽ വീട്, നാരങ്ങാനം വെസ്റ്റ് പി.ഒ പത്തനംതിട്ട 689642 | '' |
| 4 | ശ്രീ ജെയിംസ് എം വർഗ്ഗീസ് | ജോയിന്റ് ഡയറക്ടർ (റിട്ടേ) മഞ്ഞാടിയിൽ ഹൗസ്, പന്തല്ലൂർ ഹിൽസ് പോസ്റ്റ് പാണ്ടിക്കാട്, മലപ്പുറം പിൻ 676521 Ph 9497669439, 6282831174 | '' |
| 5 | ശ്രീ ഷിബു ജേക്കബ് | ജോയിന്റ് ഡയറക്ടർ(റിട്ട) കുണ്ടുകുളങ്ങര ഹൗസ് എളവട്ടി നോർത്ത് പി.ഒ തൃശ്ശൂർ 680511 | '' |

കേന്ദ്ര രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരമോ 2002 ലെ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘം നിയമത്തിലെ ഭേദഗതി വ്യവസ്ഥകൾക്കനുസരിച്ചോ ടി നിയമനത്തിൽ മാറ്റം വരുത്തുവാനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാർക്ക് ഉണ്ടായിരിക്കുന്നതാണ്.

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ സഹകരണ സംഘം രജിസ്ട്രാർ ആർബിട്രേറ്റർക്ക് കൈമാറുന്നതും ടി കേസുകളിൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടി സ്വീകരിച്ച് അവാർഡുകൾ നൽകേണ്ടതും ആയതിന്റെ പകർപ്പ് സഹകരണ

സംഘം രജിസ്ട്രാർക്ക് നൽകേണ്ടതുമാണ്.

മേൽ പ്രകാരം നിയമിക്കപ്പെട്ട ആർബിട്രേറ്റർമാരുടെ സേവനം തൃപ്തികരമല്ലയെന്ന് കാണുന്ന പക്ഷം ടി നിയമനം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

ആർബിട്രേറ്റർമാരുടെ സേവനത്തിനുള്ള പ്രതിഫലം 2002 ലെ മൾട്ടി സ്റ്റേറ്റ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അതാത് സംഘങ്ങളിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

(ഒപ്പ്)
ഡോ.നരസിംഹഗരി.റ്റി.എൽ.റെഡ്ഡി .എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്;

1. ശ്രീ മാത്യു ജോൺ, പുതുപ്പള്ളിപ്പറമ്പിൽ, ദേവഗിരി പി.ഒ, കങ്ങഴ
2. ശ്രീ സക്കീർ ഹുസൈൻ എസ്, ഷിദ്സഫ്, വാളക്കോട് പി.ഒ, പുനലൂർ- 691 331
3. കേന്ദ്ര രജിസ്ട്രാർ
4. വെബ് സൈറ്റ്
5. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി.റ്റി/പി.റ്റി)